ബി. സി. ജി. കുത്തിവയ്പ്.

*674. [10] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. സി. ജി. കുത്തിവയ്പ് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഇപ്പോൾ നടത്തുന്നുണ്ടോ ;

(ബി) ബി. സി. ജി. കുത്തിവയ്പ് ദോഷം ചെയ്യുന്നതാണെന്നുള്ള ശ്രീ. സി. രാജഗോപാലാചാരിയുടെ അഭിപ്രായം ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്. പക്ഷെ ബി. സി. ജി. കുത്തിവയ്പുകൊണ്ട് യാതൊരു ദോഷവുമില്ലെന്നും ഗുണമാണുള്ളതെന്നുമാണ് ഗവണ്മെൻറിന്റെ അഭിപ്രായം.

ശ്രീ. എൻ. ജി. ചാക്കോ : അതു വിദഗ്ദ്ധാഭിപ്രായമാണോ ?

ശ്രീ. എ. എ. റഹിം : വിദഗ്ദ്ധന്മാരായ പല ഡാക്ടർമാരുടേയും അഭിപ്രായമാണത്.

ശ്രീ. എൻ. ജി. ചാക്കോ : ഈ സംസ്ഥാനത്തിലെ ഡാക്ടർമാരുടെ അഭിപ്രായമാണോ ?

ശ്രീ. എ. എ. റഹിം : ഈ സംസ്ഥാനത്തിലുള്ള ഡാക്ടർമാരും അങ്ങിനെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഇപ്പോൾ അതെവിടെ നടത്തുന്നു എന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : തെക്കൻപ്രദേശങ്ങളിലും കിഴക്കൻ പ്രദേശങ്ങളിലും നടത്തുന്നുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : അവിടെയുള്ള ആളുകൾ കുത്തിവയ്പിനു മടിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ആവശ്യമില്ലെന്നു പറയുന്നവരെ കുത്തിവയ്ക്കുന്നില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : സി. രാജഗോപാലാചാരി വൈദ്യശാസ്ത്രത്തിൽ പരിജ്ഞാനമുള്ള ആളാണോ ?

ശ്രീ. എ. എ. റഹിം : ഉള്ളതായി എനിക്കറിവില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : അദ്ദേഹത്തിനു പിന്നെ ഇതിൽ അഭിപ്രായം പറയാനുള്ള അവകാശമുണ്ടോ ?

ശ്രീ. എ. എ. റഹിം : അതു് അദ്ദേഹം തന്നെയാണ് പറയേണ്ടത്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഇതുവരെ എത്രപേരെ പരിശോധിച്ചു് കുത്തിവച്ചിട്ടുണ്ടെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : 12 ലക്ഷത്തോളം ആളുകളെ പരിശോധിച്ച് കത്തിവച്ചിട്ടുണ്ടെന്നറിയുന്നു.

കണ്ണൂണ്ടി, കുരുമുളക് മുതലായവയുടെ കയറ്റുമതി കൗൺസിൽ.

* 675. [11] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂണ്ടി, കുരുമുളക് ഇവയുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ ഒരു കൗൺസിൽ കൊച്ചി കേന്ദ്രമാക്കി സ്ഥാപിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : അതിൽ എത്ര അംഗങ്ങളുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : 25.

ശ്രീ. എൻ. ജി. ചാക്കോ : ഈ സംസ്ഥാനത്തുനിന്നു ആരെല്ലാമുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡസ്ട്രീസ് ഡയറക്ടർ രൂപംമാണ്. മറ്റാരാണെന്നു നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

യൂണിവേഴ്സിറ്റിയിലെ സ്റ്റാഫ് അംഗങ്ങളുടെ ടൈംസ്കെയിൽ.

* 676. [12] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റിയിലെ സ്റ്റാഫ് അംഗങ്ങൾക്ക് ടൈംസ്കെയിൽ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതിൽ ഗസറ്റഡ്, നോൺഗസറ്റഡ്, കണ്ടിൻജൻസി എന്നി ഇനങ്ങളിൽ എത്ര പേർ വീതമുണ്ട് ;

(സി) അതിൽ പട്ടികജാതിക്കാർ ഓരോഇനത്തിലും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ–ബി) ഇക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(സി) ഗസറ്റഡ് ജീവനക്കാർ 227. നോൺഗസറ്റഡ് ജീവനക്കാർ 919. കണ്ടിജൻസിക്കാർ 410.

(ഡി) ഗസറ്റഡ് ജീവനക്കാർ ആരുമില്ല. നോൺ ഗസറ്റഡ് ജീവനക്കാർ 34. കണ്ടിൻജൻസിക്കാർ 68.

ശ്രീ. ടി. ടി കേശവൻ ശാസ്ത്രി : പട്ടികജാതിക്കാരുടെ ജാതിതിരിച്ചുള്ള കണക്കുണ്ടോ?

(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അതു നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly